4. ഈ പദ്ധതിക്കുവേണ്ടി സർക്കാർ പ്രത്യക്ഷമായും പരോക്ഷമായും ചെലവഴിക്കുന്ന തുകയിലും അധികം തുക നികുതിയിനത്തിലും സർക്കാരിന് നേരിട്ടുള്ള വരുമാനമായും ലഭിക്കും.

5. വ്യവസായ നഗരമായ കൊച്ചിയുടെ പ്രതിച്ഛായ വർദ്ധിപ്പിക്കുവാനും സാമ്പത്തികമായ നേട്ടങ്ങൾ കൈവരിക്കുവാനും വിവര സാങ്കേതിക രംഗത്ത് ഇന്ത്യയിലെ അറിയപ്പെടുന്ന നഗരമായി കൊച്ചിയെ വളർത്തിയെടുക്കുവാനും സ്മാർട്ട്സിറ്റി പദ്ധതിക്ക് കഴിയും.

6. IT/Biotech മേഖലകളിൽ ജോലി ചെയ്യുന്ന പ്രഗത്ഭരായ ആളുകളുടെ ഒരു സുപ്രധാന അധിവാസ കേന്ദ്രമായി കൊച്ചി വരുമെന്നതിനാൽ ഇവിടുത്തെ വിദ്യാഭ്യാസ രംഗത്തും സാമൂഹിക സാംസ്കാരികമായ മേഖലകളിലും ഒരു വൻകുതിച്ച് ചാട്ടത്തിന് സ്മാർട്ട്സിറ്റി പദ്ധതി വഴിയൊരുക്കും.

(ജ) പ്രതിപക്ഷ കക്ഷികളുമായി 2005 ജൂൺ 24-ൽ ചർച്ച നടത്തുകയുണ്ടായി. സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഈ പദ്ധതി നടപ്പാക്കുന്നതാണെന്ന് സർക്കാർ ഉറപ്പു നൽകിയിട്ടുണ്ട്.

മന്ത്രിമാരുടെ ചെലവ്

47. [47] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഓരോ മന്ത്രിമാരും നടത്തിയ വിദേശ യാത്രകൾ എത്ര; ഇതിന് എത്ര തുക ചിലവായി; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഓരോ മന്ത്രിമാരും നടത്തിയ ഡൽഹി യാത്രകൾ എത്ര; മറ്റ് സംസ്ഥാന യാത്രകൾ എത്ര; അതിന് ചെലവായ തുക എത്ര?

ഉത്തരം

(എ) അനുബന്ധം X-ൽ ചേർത്തിട്ടുണ്ട്.†. യാത്രകൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച കാര്യങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) അനുബന്ധം Xഎ-ൽ ചേർത്തിട്ടുണ്ട്.††.

പി. എസ്. സി. വഴിയുള്ള നിയമനം

48. [48] ശ്രീ. കെ. കെ. ഷാജു:

" ഉമേഷ് പള്ളിയിൽ:

" എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

†, †† അനുബന്ധം X, Xഎ

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പി. എസ്. സി. നിയമനം ലഭിച്ചു;

(ബി) 1996-2001 ഗവൺമെന്റിന്റെ കാലത്ത് എത്ര പേർക്ക് പി. എസ്. സി. വഴി നിയമനം ലഭിച്ചിട്ടുണ്ട്.

(സി) വി. എച്ച്. എസ്., എസ്. സി. പി. എസ്. സി; സെക്രട്ടറിയേറ്റ് ഹയർ സെക്കന്ററി എന്നിവിടങ്ങളിലുള്ള വേക്കൻസികൾ അടയന്തിരമായി അഡ്വൈസ് ചെയ്യാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസ്സുകളുടെ എണ്ണം

49. [49] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ജൂൺ മുതൽ 2005 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തു; ഇതിൽ തെളിയിക്കപ്പെടാത്ത കേസ്സുകളുടെ എണ്ണം എത്ര;

(ബി) ഇതിൽ കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, ബലാത്സംഗങ്ങൾ, സ്ത്രീധന പീഡനം, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, കുട്ടികളെ തട്ടിക്കൊണ്ടുപോകൽ, പിടിച്ചുപറി, കവർച്ച, ആരാധനാലയങ്ങൾ കവർച്ച, മോഷണം, വേനലേദനം, റാഗിംങ്ങ് കേസ്സുകൾ, അഴിമതി കേസുകൾ, പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസുകൾ എന്നിവ ഓരോന്നും എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 694388 തെളിയിക്കപ്പെടാത്തവ-34404

(ബി) വിവരം ശേഖരിച്ചു വരുന്നു.

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിലുണ്ടായ പോലീസ് അതിക്രമങ്ങൾ

50. [50] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ എത്ര ലാത്തി ചാർജ്ജുകൾ നടത്തിയിട്ടുണ്ട്;

(ബി) എത്ര പോലീസ് വെടിവെപ്പുകൾ ഉണ്ടായി എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly